# WEEK 2

# Weekly Devotion - May 2017

## Onething I ask (ഒരുകാര്യം ഞാൻ അപേക്ഷിക്കുന്നു) -

## സങ്കീ:(27:4)




കോളേജിൽ പഠിക്കുന്ന മകനെ സന്ദർശിക്കുവാൻ എത്തിയ മാതാവ് അവന്റെ വാസസ്ഥലത്തെത്തി. ആ മുറിയിലെ കാഴ്ച്ചകൾ ആ മാതാവിന്റെ ഹൃദയം തകർത്തു ഭിത്തികളിലെ മോശമായ ചിത്രങ്ങൾ, അടുക്കും ചിട്ടയുമില്ലാത്ത മുറിയുടെ അവസ്ഥ ഇവ മാതാവിനെ വേദനിപ്പിച്ചു, എങ്കിലും അവർ അതേപ്പറ്റി തന്റെ മകനോടൊന്നും പറയാതെ മടങ്ങിപോയി. വീട്ടിൽ വന്ന അമ്മ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു, അത് അവരുടെ ജീവിതത്തിൽ ഏറ്റവും ആഗ്രഹവുമായിരുന്നു. യഹോവയുടെ സ്നേഹം തന്റെ മകൻ അറിയുവാനായി മുൾകിരീടധാരിയായി രക്തം വാർന്നൊഴുകുന്ന ക്രിസ്തുവിന്റെ മുഖത്തിന്റെ പടം വാങ്ങി മകന് സമ്മാനമായി അയച്ചു കൊടുത്തു. സമ്മാനപ്പൊതി കൈപ്പറ്റിയ മകൻ സന്തോഷത്തോടെ അത് തന്റെ കിടക്കയുടെ മുകളിൽ തൂക്കി . അപ്പോൾ ആ ഭിത്തിയിലെ മറ്റ് പടങ്ങൾക്ക് അവിടെ കിടപ്പാൻ യോഗ്യതയില്ല എന്ന് കണ്ടെത്തി എടുത്ത് മാറ്റി. തുടർന്ന് മറ്റ് മൂന്ന് ചുവരുകളിലെയും പടങ്ങൾ അപ്രത്യക്ഷമായി. രാവിലെ ക്രിസ്തുവിന്റെ പടത്തിൽ നോക്കി നിന്നവൻ ക്രിസ്തുവസിക്കുന്ന ഇടം ഇപ്രകാരമല്ല എന്ന് മനസിലാക്കി മുറി വൃത്തിയാക്കി. രണ്ടാഴ്ചയ്ക്കു ശേഷം മകനെ കാണുവാൻ വന്ന അമ്മ അത്ഭുതപ്പെട്ടു. ക്രിസ്തുവിന്റെ ഭാവം അവനിലും അവൻ പാർക്കുന്നിടത്തും കാണുകയുണ്ടായി. തന്റെ അപേക്ഷ സ്വീകരിച്ച ദൈവത്തിന് ആ മാതാവ് നന്ദി പറഞ്ഞു .

ക്രിസ്തു ആരാകുന്നുവെന്ന വിശ്വാസത്തിനനുസരിച്ചേ ക്രിസ്തു നമ്മിൽ വസിച്ചുകൊണ്ട് പ്രവർത്തിക്കുന്നുള്ളു. സങ്കീർത്തനക്കാരൻ ഒരു കാര്യം ദൈവത്തോടപേക്ഷിച്ചു എന്ന് ഇവിടെ കാണുന്നു (സങ്കീ 27:4) ഏറ്റവും വലിയ ആഗ്രഹമായ അപേക്ഷ യഹോവയുടെ ആലയത്തിൽ പാർക്കണമെന്നതായിരുന്നു, അതായത് യഹോവയോട് ചേർന്നിരുന്ന് ധ്യാനിച്ച്, ആ മനോഹരത്വം കാണുക എന്നതുമായിരുന്നു. ഇതു തന്നെയാണ് യേശു മാർത്തയോടും പറഞ്ഞത് . നീ പലതിനെ ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുമ്പോൾ മറിയ നല്ല അംശം തിരഞ്ഞെടുത്തു. അത് ദൈവത്തോടപേക്ഷിച്ചു വാങ്ങിയ വലിയ ഒരാഗ്രഹവുമായിരുന്നു. ജീവിതത്തിലെ എല്ലാ അവസ്ഥയിലും ഈ പാദപീഠം അവൾക്കാശ്രയമായിരുന്നു.
അതാരും അവളിൽ നിന്ന് എടുക്കുന്നില്ല.




യഹോവയെ ആരാധിക്കുന്ന സ്ഥലം നമുക്ക് ശുദ്ധികരണവും ആശ്വാസവും നൽകുന്നതാകണം . ‘ഒരു കാര്യം’ ലഭിക്കണമെന്നാഗ്രഹിക്കുന്നവർ ദൈവവചനം യഹോവയോട് ചേർന്നിരുന്ന് ഗ്രഹിക്കണം, വചനം ഗ്രഹിക്കുന്നവർക്ക് യഹോവയുടെ മനോഹരത്വം കാണ്മാനും ശുദ്ധിയിൽ ജീവിപ്പാനും കഴിയുന്നു. യഹോവയുടെ പാദപീഠം ഒരു പാഠശാലയും അതു പോലെതന്നെ ഒരു വൈദ്യശാലയുമാണ്. യഹോവയോട് ചേർന്നിരുന്ന ഒരു വ്യക്തിയുടെ അപേക്ഷ യേശുവേ എന്റെ ഉള്ളിൽ വസിച്ച് എന്നെ നടത്തേണമേ എന്നാണ്, അപ്പോൾ തന്നെ അദ്ദേഹത്തിന് ചേരാത്തതെല്ലാം നമ്മുടെ ഉള്ളിൽ നിന്ന് പുറത്താകുകയും ചെയ്യുന്നു.

പ്രീയ മക്കളേ ! ക്രിസ്തുവിന് വസിക്കുവാനായി നിങ്ങളുടെ ഹൃദയം സമർപ്പിക്കുന്നതോടൊപ്പം അനേക ഹൃദയങ്ങൾ അതിനായി ഒരുക്കപ്പെടുവാനായി പ്രാർത്ഥിയ്ക്കുക, പ്രവർത്തിയ്ക്കുക അതിനുള്ള കൃപ ദൈവം നിങ്ങൾക്ക് നൽകട്ടെ.

***Santhamma Varghese***

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind